മിസ്റ്റർ എം. കൃഷ്ണമേനോൻ:—ഉദ്ദേശം ഒന്നോകാലണ വരുമെന്നു തോന്നുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ:—സെൻറ് ആൽബർട്ട്സ് സ്കൂളിൽ സ്റ്റുഡൈനൽ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു കൊടുത്തിട്ടുള്ള ഈ മുണ്ടിനു് (ഒരു മുണ്ടു് എടുത്തു കാണിച്ചുകൊണ്ടു്) എന്തു വില കൊടുത്തു എന്നു പറയാമോ?

മിസ്റ്റർ എം. എ. ചാക്കോ:—ഇതിനു് ഒന്നരണയോളം വില വരാതിരിക്കയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഇതിൽ ഒന്നേമുക്കാലണ വിലയിട്ടിട്ടുണ്ട്.

Cotton Hostel.

97. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) ഫ്രഫ്രം-ൽ കോട്ടൻ ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടു്;

(ബി) ടി ഹോസ്റ്റലിൽ മാസം ഒന്നുക്കു എത്ര ചാക്കു അരി ചിലവു വരുന്നുണ്ടു്;

(സി) അരി ചാക്കൊന്നുക്കു വിലയെന്തു്; അരി വാങ്ങിച്ചിട്ടുള്ള വെയ്ച്ചറിൻറെ കാപ്പികൾ അനുബന്ധമായി ചേർക്കുമോ?

രാമവർമ്മതമ്പുരാൻ:—(എ) കോട്ടൻ ഹോസ്റ്റലിൽ ഫ്രഫ്രം ചിങ്ങത്തിൽ 60 കുട്ടികൾ താമസിച്ചിരുന്നു. പിന്നീടു് അവരിൽനിന്നു് 6 കുട്ടികൾ വിജയരാഘവപുരം ഇൻഡസ്ട്രിയൽ സ്കൂളിൽപോയി ചേർന്നിരിക്കുകൊണ്ടു് ഇപ്പോൾ ഫ്രം കുട്ടികൾ മാത്രമേയുള്ളൂ.

(ബി) മാസത്തിൽ ഏകദേശം രണ്ടു ചാക്കു അരി ചിലവാകും.

(സി) പഴയരിക്കു അങ്ങാടിയിരക്കനുസരിച്ചു ചാക്കു ഒന്നുക്കു നല്ല തരത്തിനു ഒ. കെ. യും ചിലപ്പോൾ വ കെ. യിൽ അധികവും വിലവരുന്നുണ്ടു്. വെയ്ച്ചറിൻറെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.

98. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) അധികൃത സംരക്ഷകൻ, ലേബർ ഇൻസ്പെക്ടർ എന്നിവരുടെ ആപ്പീസ് കോട്ടൻ ഹോസ്റ്റലിലേക്കു മാറിയിട്ടു എത്ര മാസമായി. അതിനുള്ള കാരണമെന്തു്?

(ബി) കോട്ടൻ ഹോസ്റ്റലിൽനിന്നും ദിവസംപ്രതി സംരക്ഷകൻറെ റിക്കാർട്ടുംപെട്ടി ആനപ്പാറക്കു കൊണ്ടുപോകുന്ന ശിപായിക്കു സൈക്കിൾ ചവിട്ടി കൊടുപ്പാൻ എഴുതിയതു് അനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവർമ്മതമ്പുരാൻ:—(എ) അധികൃതസംരക്ഷകൻറെയും, ലേബർ ഇൻസ്പെക്ടരുടേയും ആപ്പീസ് കോട്ടൻ ഹോസ്റ്റലിലേക്കു മാറിയിട്ടില്ല. സംരക്ഷകൻ ചിലപ്പോൾ കോട്ടൻ ഹോസ്റ്റൽ സന്ദർശിക്കാറുണ്ടു്.

(ബി) മൂന്നുപ്പിക ചവിട്ടുന്ന ശിപായിക്കു കൂട്ടിക്കൊടുക്കേണമെന്നു് ആരും എഴുതീട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ—സംരക്ഷകൻ കോട്ടൻ ഹാസ്റ്റലിൽ താമസിക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ — സംരക്ഷകൻ അവിടെ പോയി അന്വേഷിക്കാറുണ്ട്.

മിസ്റ്റർ കെ. പി വള്ളോൻ: അവിടെ അദ്ദേഹം സ്ഥിരമായി താമസിക്കുന്നുണ്ടോ എന്നു ഗവർമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:— സ്ഥിരമായി സംരക്ഷകൻ അവിടെ താമസിച്ചതായിട്ട് അറിവില്ല.

Municipal Tank in Kizhakkumpattukara

99. മിസ്റ്റർ കെ. പി. വള്ളോൻ:— തൃശ്ശിവപേരൂർ കിഴക്കുംപാട്ടുകര മുനിസിപ്പൽ മിച്ചധനത്തിൽ കുഴിപ്പിച്ചിട്ടുള്ള കുളം എല്ലാ സമുദായക്കാർക്കു കുളിക്കുവാൻ വേണ്ടിയാകുന്നു?

രാമവർമ്മതമ്പുരാൻ:—ഈ വിഷയം സഭയുടെ വിചാരണയിൽ ഇരിക്കുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ: — ഈ കുളത്തിനു വേണ്ടുന്ന സംഖ്യ അനുവദിച്ചപ്പോൾ ഗവർമ്മെണ്ടിൽനിന്നു് അതു് എല്ലാ കായ്ത്തിനു വേണ്ടിയാണെന്നു ചോദിച്ചിരുന്നില്ലേ?

രാമവർമ്മതമ്പുരാൻ:—അതു മുനിസിപ്പാലിറ്റി വക കുളമാണ്. മുനിസിപ്പാലിറ്റി ഫണ്ട്സിൽനിന്നും ചിലവുചെയ്യിട്ടുള്ളതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ:—അതിൽ എല്ലാജാതിക്കാർക്കും കുളിക്കാമോ?

രാമവർമ്മതമ്പുരാൻ:—ആ വിഷയമാണു് ഇപ്പോൾ അനുവാദത്തിൽ ഇരിക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ: — ആ കുളത്തിനുവേണ്ടി ചിലവാക്കീട്ടുള്ളതു് പബ്ലിക്ക വക പണമല്ലേ?

രാമവർമ്മതമ്പുരാൻ: ഈ മുനിസിപ്പാലിറ്റിയിൽനിന്നും ചെയ്യുമ്പോൾ പബ്ലിക്കിന്റെ പണമല്ലേ; പൊതുക്കായ്ത്തിനു് ഉപയോഗിക്കുവാൻ പാടുണ്ടോ? ഒരു പ്രത്യേകസമുദായത്തിനുവേണ്ടി ഇങ്ങിനെ ഒരു കുളം ഉണ്ടാക്കാമോ? കൌൺസിലിനു് ഇതു സമ്മതമാണോ? എങ്ങിനെയൊക്കെയാണു് വേണ്ടതു്? എന്നൊന്നും തിട്ടപ്പെടുത്തിയിട്ടില്ല.

മിസ്റ്റർ ജോഷ്വാ മാക്യൂമുറി:—പബ്ലിക്ക പണം ചിലവു ചെയ്യുമ്പോൾ പിന്നെ അനുവദിക്കുവാനൊന്നാണു് ഉള്ളതു്.

രാമവർമ്മതമ്പുരാൻ: — ഇതു കൌൺസിലിൽ പാസാക്കിയതനുസരിച്ചു് ചെയ്യിട്ടുള്ളതാണോ, ഒരു സമുദായക്കാർക്കുമാത്രം ഉപയോഗിക്കുവാൻ വേണ്ടി മറ്റു ചിലരുകാർ അനുകൂലിച്ചിട്ടുണ്ടോ; അങ്ങിനെ കൌൺസിലിൽ പാസാക്കിയതനുസരിച്ചു ചെയ്യുതാണോ എങ്ങിനെയൊക്കെയാണെന്നു് അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ എം. കെ. രാമൻ: — ഇതുണ്ടാക്കുന്നതിനുമുമ്പുതന്നെ പൊതുജനങ്ങളുടെ ആവശ്യത്തിനാണെന്നു പറഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—പൊതുജനങ്ങളുടെ ആവശ്യത്തിനാണെന്നു് പറയുകയുണ്ടായിട്ടില്ല. മുനിസിപ്പാലിറ്റിയിലെ പണം ചിലവുചെയ്യു

LIBRARY ARCHIVES Kerala Legislative Assembly